# മെത്രാപ്പോലീത്തായുടെ കത്ത്

(ജനുവരി 2015)



**കർത്താവിൽ പ്രിയരേ,**

2014 നോടു നാം വിടപറയുമ്പോൾ നമ്മുടെയെല്ലാം മനസുകളിൽ ഭീതിജനകമായ വാർത്തയായി പാക്കിസ്ഥാനിലെ പെഷവാറിൽ തീവ്രവാദികൾ നടത്തിയ കൂട്ടക്കൊല എന്ന അതിക്രൂരമായ സംഭവം നിലകൊള്ളുകയാണ്. എത്ര വലിയ തീവ്രവാദികളായാലും അവരുടെ പ്രതികാരാഗ്നിയിലേക്ക് കുഞ്ഞുങ്ങളെ വലിച്ചെറിയുന്നത് പലപ്പോഴും ഒഴിവാക്കാറുള്ളതാണ്. അവിടെ അന്ന് അങ്ങനെപോലും ഒരു ‘ഒഴിവാക്കൽ’ ഉണ്ടായില്ല. പകരം 132 സ്കൂൾ കുട്ടികളെയും അവരുടെ അദ്ധ്യാപകരെയും പാക്ക് താലിബാൻ തീവ്രവാദികൾ ഈ ഭൂമിയിൽ നിന്നും ‘ഒഴിവാക്കി’. നിഷ്കളങ്കതയുടെ നിറകുടങ്ങളായി ജ്ഞാനത്തിന്റെ പാഠങ്ങൾ തേടി സ്കൂളിലെത്തിയ കുട്ടികളും അവർക്കു സ്നേഹപൂർവ്വം അറിവിന്റെ അക്ഷയ ഖനികൾ പങ്കുവെച്ച ഒരു കൂട്ടം അദ്ധ്യാപകരും അന്നു വെടിയുണ്ടകൾക്കിരയായി മരിച്ചു വീണു. ആ സ്കൂളിന്റെ പ്രധാനാദ്ധ്യാപികയെ കസേരയിൽ കെട്ടിയിരുത്തി ജീവനോടെ അഗ്നിക്കിരയാക്കി ക്രൂരതയുടെ കൊടും വിളയാട്ടം അവർ നടത്തി. ഒരു നൂറു ജീവിത സ്വപ്നങ്ങളുമായി ജീവിതത്തിന്റെ വിരുന്നിലേക്കു കടന്നുവന്ന കുട്ടികളും അവരുടെ സ്വപ്നങ്ങളെ യാഥാർത്ഥ്യമാക്കാൻ അദ്ധ്വാനിച്ച അദ്ധ്യാപകരും ഈ വലിയ ക്രൂരതയുടെ ബലിയാടുകളാകുവാൻ തക്കവണ്ണം അവരെന്ത് തെറ്റാണ് ഈ അപരാധം ചെയ്തവരോട് ചെയ്തത്? അവരൊന്നും ചെയ്തതുകൊണ്ടല്ല, വേറെ പലരോടുമുള്ള പ്രതികാരം അവരുടെമേൽ തീർപ്പാക്കുമ്പോൾ പൊലിഞ്ഞു പോയത് ആ നാടിന്റെ സ്വപ്നങ്ങളാണ്, ലോകത്തിന്റെ പ്രതീക്ഷകളാണ്. 1969 ൽ മലേഷ്യായിൽ വർഗ്ഗീയ കലാപത്തിന്റെ പശ്ചാത്തലത്തിൽ ചൈനീസ് വംശജരായ കുഞ്ഞുങ്ങൾ ക്ലാസുകഴിഞ്ഞ് ഭവനങ്ങളിലേക്കു മടങ്ങുമ്പോൾ മലേഷ്യൻ വംശജരായ ഒരു മതവിഭാഗത്തിൽപ്പെട്ടവർ സ്കൂൾ ബസിൽ നിന്ന് അവരെ ഇറക്കി വാളുപയോഗിച്ച് വെട്ടിക്കൊന്ന സംഭവം ദശകങ്ങൾക്കു മുമ്പ് നടന്ന അതിദാരുണ സംഭവമായിരുന്നു. ഇവയെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് ഒരു സങ്കീർത്തന വാക്യമാണ് “മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രേ. മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനാകുമ്പോഴാണ് ഇതുപോലുള്ള സംഭവങ്ങൾ അരങ്ങേറുന്നത്. അപ്പോൾ എന്താണ് പരിഹാരം? വിവേകഹീനരായവരിൽ വിവേകം ഉദിക്കണമെങ്കിൽ ഒരു ഹൃദയപരിവർത്തനം നടക്കണം. ക്രിസ്തു നമ്മിൽ ജനിക്കുമ്പോഴാണ് ഈ വലിയ രൂപാന്തരം നമ്മിലുണ്ടാകുന്നത്. തന്നെ കുത്തി മുറിവേൽപിക്കുകയും, ആക്ഷേപിക്കുകയും ചെയ്യുന്നവരെ നോക്കിക്കൊണ്ട് “ഇവർ ചെയ്യുന്നത് ഇന്നതെന്ന് അറിയായ്കകൊണ്ട് ഇവരോട് ക്ഷമിക്കേണമേ” എന്ന് രക്താഭിഷിക്തനായി കുരിശിൽ കിടന്നുകൊണ്ട് പ്രാർത്ഥിച്ച ലോകരക്ഷകനായ ക്രിസ്തുവിന്റെ തിരുപ്പിറവിയാണ് നാം ക്രിസ്തുമസിലൂടെ ആചരിച്ചത്. ഭയത്തിന്റെയും നിരാശയുടെയും വേലിയേറ്റത്തിൽ നമ്മുടെയെല്ലാം ജീവിതം പലപ്പോഴും ഇരുളിലേക്കും മരണനിഴലിലേക്കും മാറ്റപ്പെടുമ്പോൾ ക്രിസ്തുമസിന്റെ ദൂത് പ്രതീക്ഷയുടെ ഉണർവു പകർന്നുകൊണ്ട് കടന്നുവരുന്നു “ഭയപ്പെടേണ്ട; സർവജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോട് സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്നു ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു” (ലൂക്കോ 2:10-11). നമ്മുടെ വേദനകളിലും ഭയത്തിലും നിരാശയിലും ദൈവം നമുക്ക് ഇന്നു നല്കുന്ന ഉറപ്പ് ആദ്യ ക്രിസ്മസിലൂടെ ദൈവം നമുക്കു നൽകിയ ഉറപ്പാണ്. ഇമ്മാനുവേലായി ദൈവം നമ്മോടു കൂടെ-ഇതു മാത്രമാണ് നമുക്കു ആശ്വാസം നൽകുന്ന വചനം എന്നു നാം തിരിച്ചറിയണം. മറ്റുള്ളവരുടെ സഹതാപ വചസുകളും ഐക്യദാർഢ്യവും ശാശ്വതമായിരിക്കണമെന്നില്ല. എന്നാൽ വാഗ്ദത്തങ്ങളിൽ വിശ്വസ്തനായ ദൈവം വാക്കു മാറാത്തവനാണ്. ആ കർത്താവിനോടൊപ്പം അവന്റെ അത്ഭുത പ്രകാശത്തിൽ പുതിയ സംവൽസരത്തിന്റെ ധന്യതയിലേക്കു നമുക്കു പ്രവേശിക്കാം.

ഡിസംബർ മാസത്തിൽ നാം പ്രതീക്ഷയോടെ കേട്ട ഒരു വാർത്തയാണ് അമേരിക്കയും ക്യൂബയും തമ്മിലുള്ള ബന്ധത്തിൽ സഹകരണത്തിന്റെ വഴി തുറക്കപ്പെടുന്നു എന്നത്. അവരുടെ നയതന്ത്ര ബന്ധങ്ങൾ പുനഃസ്ഥാപിക്കുന്നതിന്റെ ഭാഗമായി നയതന്ത്രാലയങ്ങൾ തുറക്കപ്പെടുമ്പോൾ ഒരു ക്രിസ്മസ് നക്ഷത്രം ഉദിച്ച അനുഭവം പോലെയാണതിനെ സമാധാനകാംക്ഷികൾ കാണുന്നത്. സമാധാനത്തിനായുള്ള ശ്രമങ്ങൾ ശക്തിപ്പെടുവാനായും ലോകരാഷ്ട്രങ്ങൾ തമ്മിൽ പരസ്പര സ്നേഹത്തിന്റെയും ആദരവിന്റെയും പുതിയ മാതൃകകൾ സൃഷ്ടിക്കപ്പെടുന്നതിനായും നമുക്കു പ്രാർത്ഥിക്കാം.

ഒരു മദ്യരഹിത കേരളം സൃഷ്ടിക്കുവാനുള്ള കേരളാ ഗവൺമെന്റിന്റെ നടപടികളുമായി ബന്ധപ്പെട്ട് പുതിയ വിവാദങ്ങൾ പൊട്ടിപ്പുറപ്പെട്ടിരിക്കുന്ന ഒരു സ്ഥിതിയാണ് നാമിന്ന് കാണുന്നത്. ഏതൊരു ഉദാത്തമായ ലക്ഷ്യവും സാക്ഷാത്കരിക്കണമെങ്കിൽ ഉദ്ദേശ്യാധിഷ്ഠിതവും ക്രിയാത്മകവുമായ സമീപനങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും, സമൂഹത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതായിട്ടുണ്ട്. മദ്യനിരോധനം ഒരു നിയമം കൊണ്ടു മാത്രം നടപ്പാക്കേണ്ട കാര്യമല്ല, അതിനനുകൂലമായ ഒരു സമീപനം സ്വീകരിക്കുവാൻ സമൂഹമനസും ഒരുക്കപ്പെടേണ്ടതായിട്ടുണ്ട്. പെഷവാറിൽ തീവ്രവാദികൾ ഉതിർത്ത വെടിയുണ്ടകൾക്ക് ഇരയായത് അവർ ലക്ഷ്യം വെച്ച മറ്റുള്ളവരായിരുന്നു. എന്നാൽ മദ്യം അതുപയോഗിക്കുന്നവരെയും അവരുമായി ബന്ധപ്പെട്ട ഭവനത്തെയും സാമൂഹ്യപരിസരങ്ങളെയും നശിപ്പിക്കുന്ന മാരകമായ വിപത്താണ് എന്നു തിരിച്ചറിയാനുള്ള വിവേകം സമൂഹമനസിനുണ്ടാകണം. ദൈവം മനുഷ്യനെ ഏദൻതോട്ടത്തിലാക്കി അവർക്കു നൽകിയ സ്വാതന്ത്ര്യം വളരെ വിപുലമായ സ്വാതന്ത്ര്യമായിരുന്നു. എല്ലാ വൃക്ഷങ്ങളിലേയും ഫലം തിന്നാനുള്ള സ്വാതന്ത്ര്യം അവർക്കുണ്ടായിരുന്നു. എന്നാൽ തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നാൽ തിന്നുന്ന നാളിൽ അതിന്റെ ഭവിഷ്യത്ത് അനുഭവിക്കേണ്ടിവരും എന്നാണ് ദൈവം കല്പിച്ചത്. എന്നാൽ ഒരു കാര്യം

ചെയ്യരുതെന്ന് പറഞ്ഞാൽ 'അത് ചെയ്താലെന്താണു കുഴപ്പം?" എന്നു ചോദിക്കുവാനുള്ള പ്രവണതയാണ് പലപ്പോഴും കുട്ടിക്കാലം മുതൽക്കുതന്നെ മനുഷ്യന്റെ ഏറ്റവും വലിയ ബലഹീനത. ഈ ബലഹീനതയാണ് പലരെയും മദ്യപാനികളാക്കുന്നത്. ഇത്തരം ബലഹീനതകളിൽ നിന്നു മനുഷ്യരെ വിമോചിപ്പിക്കുവാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടേണ്ടത് ഇന്നിന്റെ ആവശ്യമാണ്. എങ്കിലും സ്വാർത്ഥപരമായ രാഷ്ട്രീയത്തിന്റെ നേട്ടം ലക്ഷ്യമാക്കി ഇന്നു നടക്കുന്ന വിവാദങ്ങൾ ഒരു മദ്യവിമുക്ത കേരളം എന്ന ലക്ഷ്യസാക്ഷാത്കാരത്തിനു സഹായകരമാണോ എന്ന് പൊതുസമൂഹം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സഭാകൗൺസിൽ അംഗം ബഹുമാനപ്പെട്ട ഡോ. ജോൺ എം. ചാക്കോസാർ ഇന്ത്യയിലെ പ്രമുഖ മൂന്നു ബാങ്കുകളുടെ ഡയറക്ടർ ബോർഡിലേക്കു നിയമിതനായി എന്നതിൽ നമുക്ക് അഭിമാനമുണ്ട്. അദ്ദേഹം ഇൻഡോറിലെ പ്രശസ്തമായ ലോറൽസ് സ്കൂളിന്റെ ഉടമയാണ്. പ്രത്യേകം അഭിനന്ദനങ്ങൾ അറിയിക്കുന്നു. മാവേലിക്കര സ്വദേശിയും ദക്ഷിണാഫ്രിക്കയിലെ ഗുഡ്ഷെപ്പേർഡ് എജ്യുക്കേഷൻ പ്രൊജക്ട് ഓഫ് സെന്റ് തോമസ്, എജ്യുക്കേഷൻ പ്രൊജക്ട് ഓഫ് സൗത്ത് ആഫ്രിക്ക എന്നീ സ്ഥാപനങ്ങളുടെ മേധാവിയും അദ്ധ്യാപകനും കവിയുമായ ജേക്കബ് ഐസക്കിന്റെ ആംഗലേയ കവിതാസമാഹാരമായ 'സെൻസ് ഓഫ് എനിഗ്മ'ക്ക് സൗത്ത് അമേരിക്കയിൽ വെച്ചു നടന്ന ലോക കവി സമ്മേളനത്തിൽ വെച്ച് ശ്രദ്ധേയമായ പുരസ്കാരം ലഭിക്കുകയുണ്ടായി. അഭിനന്ദനങ്ങൾ അറിയിക്കട്ടെ.

2011 ൽ ഗ്രീസിലെ ലാരിസയിൽ നടന്ന 22-ാംമത് കവിസമ്മേളനത്തിലെ എക്സലൻസി ഇൻ പോയട്രി അവാർഡ്, ജപ്പാനിലെ ഒസാക്കയിൽ നടന്ന 23-ാംമത് ലോകകവിസമ്മേളനത്തിലെ പോയട്രി പ്രൈസ് ഫോർ എക്സലൻസി പുരസ്കാരം, 2014 ലെ ജോൺ എബ്രഹാം സാഹിത്യ അവാർഡ് എന്നിങ്ങനെയുള്ള നിരവധി അവാർഡുകൾ നേടിയ അദ്ദേഹം ദക്ഷിണാഫ്രിക്കയിലെ മനുഷ്യാവകാശപോരാട്ടങ്ങൾക്ക് ഊർജ്ജം പകരുവാൻ തന്റെ കവിതകളെയും ഒരു മാധ്യമമാക്കിയിട്ടുണ്ട്. തിരുവല്ല ടൈറ്റസ് സെക്കന്റ് ടീച്ചേഴ്സ് കോളേജിന്റെ മുൻ പ്രിൻസിപ്പലായിരുന്ന ആദരണീയനായ പ്രൊഫ. എം. ഐസക്ക് സാറിന്റെ മകനാണ് ജേക്കബ് ഐസക്. അദ്ദേഹത്തിന്റെ സഹധർമ്മിണി കോഴഞ്ചേരി കോലത്ത് പ്ലാമൂട്ടിൽ ഫിലിപ്പോച്ചന്റെ മകൻ അച്ചൻകുഞ്ഞിന്റെ മകളാണ്.

മലപ്പുറം ജില്ലയിലെ നമ്മുടെ നന്ദമുക്ക് സ്കൂൾ ഒരു യു.പി. സ്കൂളായി പ്രവർത്തിച്ചുവരികയാണ്. ഇപ്പോൾ 900 ൽ പരം വിദ്യാർത്ഥികൾ പഠിക്കുന്നു. ഇവിടെയുള്ള 98% വിദ്യാർത്ഥികളും മുസ്ലീം സമുദായത്തിൽപ്പെട്ടവരാണ്. സ്കൂളിന്റെ കെട്ടിടങ്ങൾ പലതും പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. സഹൃദയരായ നാട്ടുകാരുടെ ആത്മാർത്ഥമായ സഹകരണത്തോടെ 37 ലക്ഷം രൂപാ ചെലവു ചെയ്ത് ടീച്ചേഴ്സ് റൂമും ക്ലാസുമുറികളും ഉൾപ്പെട്ട ഒരു കെട്ടിടസമുച്ചയം ഇപ്പോൾ പ്രഥമഘട്ടമായി പൂർത്തീകരിച്ചിട്ടുണ്ട്. 9 ക്ലാസുമുറികൾ അടുത്തഘട്ടമായി നിർമ്മിക്കുവാൻ ആഗ്രഹിക്കുന്നു. ഈ കെട്ടിടത്തിന്റെ ശിലാസ്ഥാപനം അടുത്തസമയത്ത് നിർവഹിക്കുവാൻ സാധിച്ചു. പാഠ്യപാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും പരിസരശുചിത്വത്തിലുമെല്ലാം നമ്മുടെ യു.പി. സ്കൂൾ മാർത്തോമ്മാ സഭയുടെ സാക്ഷ്യത്തിന്റെ ഒരു നല്ല മാതൃകയായി നിലകൊള്ളുന്നു എന്നു പറയുന്നതിൽ വളരെയധികം സന്തോഷമുണ്ട്. പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിന്റെ ആവശ്യത്തിലേക്കായി സംഭാവനകൾ നൽകുവാൻ താത്പര്യപ്പെടുന്നവർ മാർത്തോമ്മാ സ്കൂൾസ് കോർപ്പറേറ്റ് മാനേജരുടെ ഓഫീസിലേക്ക് പണം അയച്ചാൽ ഈ ആവശ്യത്തിലേക്ക് മാത്രമായിത്തന്നെ ആ പണം ഉപയോഗിക്കുവാൻ സാധിക്കും. സഹൃദയരായ ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

അടുത്ത സമയത്ത് മലേഷ്യൻ ഭദ്രാസനത്തിൽ പോകുന്നതിനും അവിടെയുള്ള സോണൽ സംവിധാനം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള ആലോചനകൾക്ക് നേതൃത്വം നൽകുന്നതിനും സാധിച്ചു. ആ സോണിലുള്ള ഇരുപതോളം ഇടവകകളിൽ പലയിടത്തും പത്തിൽതാഴെ മാത്രമാണ് ഇടവകക്കാരുടെ അംഗസംഖ്യ എന്നതൊരു വാസ്തവമത്രെ. അവിടുത്തെ തോട്ടം മേഖലകളിൽ പ്രവർത്തിച്ചിരുന്ന നമ്മുടെ പല കുടുംബങ്ങളും പ്രത്യേകിച്ചും ഇളം തലമുറക്കാർ നഗരത്തിലേക്ക് താമസം മാറിയതാണ് ഇതിനു പ്രധാന കാരണം. ക്വാലലംപൂർ, ക്ലാങ്ങ്, ബാന്റിംഗ്, സെറംപാൻ എന്നീ മേഖലകളിലേക്കാണ് പ്രധാനമായും കുടിയേറ്റം നടന്നത്. അതോടൊപ്പം തന്നെ ധാരാളം അംഗങ്ങൾ ആസ്ട്രേലിയ, ന്യൂസിലാൻഡ് എന്നീ രാജ്യങ്ങളിലേക്ക് താമസം മാറ്റിയിട്ടുണ്ട്. സോണൽ സംവിധാനത്തിന്റെ പുനഃസംഘടന സംബന്ധിച്ചുണ്ടായ ആലോചനകൾ എപ്പിസ്കോപ്പൽ സിനഡിന്റെ അംഗീകാരത്തോടുകൂടി നടപ്പാക്കുന്നതാണ്. അതുവരെ ഇപ്പോഴത്തെ സോണൽ സംവിധാനത്തിനു തുടരാനായി മെത്രാപ്പോലീത്തായുടെ കൽപന മൂലം അനുവാദം നൽകിയിട്ടുണ്ട്.

അബുദാബി മാർത്തോമ്മാ ഇടവകയുടെ ക്ഷണപ്രകാരം അവിടുത്തെ ക്രിസ്മസ് പരിപാടിയിലും ഫാമിലി കോൺഫറൻസിലും പങ്കെടുക്കാനായി ഡിസംബർ 22 മുതൽ 25 വരെ അവിടെ സന്ദർശിക്കുകയുണ്ടായി. അടുത്ത കാലത്തുണ്ടായ ക്ലേശകരമായ യാത്രകളുടെ ഫലമായി ആയുർവ്വേദ സുഖ ചികിത്സയ്ക്ക് ഒരാഴ്ച വിധേയനായി. ലഭിച്ച ആശ്വാസത്തിനായും സൗഖ്യത്തിനായും ദൈവത്തെ സ്തുതിക്കുന്നു.

2014-ലെ വാർഷിക ക്ലർജി കോൺഫറൻസ് വളരെ അനുഗൃഹീതമായ രീതിയിൽ ചരൽക്കുന്നിൽ വെച്ച് നടത്തപ്പെട്ടു എന്നതിൽ വളരെയധികം സന്തോഷമുണ്ട്. റവ. ഡോ. വൈ.റ്റി. വിനയരാജ്, റവ. മാത്യു കെ. മുതലാളി എന്നിവരുടെ വേദപഠന ക്ലാസുകൾ ധന്യത പകരുന്നതായിരുന്നു. പഠനക്ലാസ്സുകൾക്ക് മുഖ്യമായ നേതൃത്വം നൽകിയ റവ. ഫാ. ജേക്കബ് മഞ്ഞളിയുടെ ക്ലാസ് ചിന്തനീയവും ഹൃദ്യവുമായിരുന്നു. അഭിവന്ദ്യ തിരുമേനിമാരുടെ സാന്നിദ്ധ്യം പ്രചോദനാത്മകമായിരുന്നു. കോൺഫറൻസിന്റെ ആദിയോടന്തം പങ്കെടുത്ത പട്ടക്കാരുടെ സ്ഥിരസാന്നിദ്ധ്യം അഭിനന്ദനാർഹമാണ്. കോൺഫറൻസ് പ്രസിഡന്റ് അഭിവന്ദ്യ ഗ്രിഗോറിയോസ് മാർ സ്തേഫാനോസ് എപ്പിസ്കോപ്പാ, സഭാ സെക്രട്ടറി റവ. ഉമ്മൻ ഫിലിപ്പ്, ജനറൽ കൺവീനർ റവ. ഡോ. ഈശോ മാത്യു, ട്രഷറാർ റവ. ഐസൺ ജോഷ്വാ എന്നിവരുടെ നേതൃത്വം അനുഗ്രഹപ്രദമായിരുന്നു. സമ്മേളന നടത്തിപ്പിലേക്ക് ഉദാരമായ സംഭാവനകൾ നൽകിയ ഏവരോടുമുള്ള നന്ദി അറിയിക്കുന്നു.

ജനുവരി മാസം താരക മാസാചരണമായി സഭ വേർതിരിച്ചിരിക്കുകയാണ്. എല്ലാ ഭവനത്തിലും ഓരോ താരക എന്ന സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുവാൻ താരകമാസാചരണം പ്രയോജനപ്പെടട്ടെ.

പുതുവത്സരത്തിന്റെ ധ്യാനങ്ങളിലേക്ക് സ്തുതിയോടും സ്തോത്രത്തോടുംകൂടി നമുക്കു പ്രവേശിക്കാം. വ്യത്യസ്തങ്ങളായ ജീവിതാനുഭവങ്ങളിലും നമ്മോടുകൂടെയിരുന്ന് സകലവും നന്മയ്ക്കായി കൂടി വ്യാപരിപ്പിക്കുന്ന ദൈവകൃപയോർത്ത് നമ്മെ നടത്തിയ ദൈവത്തെ സ്തുതിക്കാം. നമ്മുടെ ജീവിതത്തിൽ വന്നുപോയ വീഴ്ചകളെയോർത്ത് നമുക്ക് അനുതപിക്കാം. ദൈവഹിത പ്രകാരം തിരുത്തലുകൾ വരുത്തി മുന്നോട്ടു പോകാം. പണ്ടൊരു സഭാപിതാവു പ്രാർത്ഥിച്ചതുപോലെ "എന്റെ ദൈവമേ, ഞാൻ ചെയ്തതു തെറ്റാണെന്നു എനിക്കു ബോധ്യം വന്നാൽ അതു അംഗീകരിക്കാനും തിരുത്താനുമുള്ള കൃപ തരേണമേ" എന്നു പ്രാർത്ഥിക്കുവാൻ നമുക്കു കഴിയണം. നീതിയിൻ സൂര്യനായ ക്രിസ്തുവിന്റെ വചന പ്രകാശത്തിൽ നമ്മുടെ ജീവിതങ്ങളെ ശോധന ചെയ്യുന്നതിനും നന്മതിന്മകളെ വിവേചിച്ചറിഞ്ഞ് വികലതകളുടെ അടിമത്തത്തിൽ നിന്ന് മോചിതരായി ക്രിസ്തു

വിൽ നിന്നും വെളിച്ചം ഉൾക്കൊണ്ട് ലോകത്തിൽ വെളിച്ചങ്ങളായി ശോഭിപ്പാനും ദൈവം നമുക്കു കൃപ തരട്ടെ. നാം ഇനിയും ആരുടെയും അടിമകളല്ല, ദൈവത്തിന്റെ മക്കളാണ്.

“എൻ സങ്കടങ്ങൾ സകലവും തീർന്നുപോയി
സംഹാരദൂതനെന്നെ കടന്നുപോയി (2)
ഫറവോനു ഞാനിനി അടിമയല്ല
പരമ സീയോനിൽ ഞാൻ അന്യനല്ല (2)

എന്നു ഹൃദയപൂർവ്വം പാടുവാൻ നമുക്കു കഴിയണം. തുടർന്നു നാം സ്നാപനത്തെക്കുറിച്ചു ധ്യാനിക്കുന്നു. സ്വർഗ്ഗോന്നതികൾ വിട്ട് നമ്മുടെ ദാരിദ്ര്യത്തിലേക്കും മാനവികതയിലേക്കും ഇറങ്ങിവന്ന കർത്താവ് മാനവികതയുമായി താദാത്മ്യം പ്രാപിക്കുന്ന കാഴ്ചയാണ് സ്നാപകയോഹന്നാനിൽ നിന്നും സ്നാനം ഏൽക്കുന്ന ക്രിസ്തുവിൽ നാം കാണുന്നത്. യേശു ഏറ്റത് മാനസാന്തര സ്നാനമല്ല എന്നു നാം പ്രത്യേകം ഓർക്കണം; പിന്നെയോ പാപികളായ മാനവജാതിയുമായുള്ള യേശുവിന്റെ ഐക്യദാർഢ്യമത്രേ ആ സംഭവത്തിലൂടെ വെളിപ്പെട്ടത്. അതോടൊപ്പം തന്നെ “ഇവനെന്റെ പ്രിയപുത്രൻ: ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു” എന്നു സ്വർഗ്ഗത്തിന്റെ ശബ്ദം കേൾക്കുവാനും കഴിഞ്ഞു. സ്ത്രീകളിൽ നിന്നു ജനിച്ചവനായി, പാപരഹിതനായി ഭൂമിയിൽ പിറന്നുവീണ കർത്താവ് തന്റെ ദൗത്യനിർവ്വഹണത്തിനായി തന്നെത്തന്നെ സമർപ്പിക്കുന്ന അനുഭവമാണ് യോഹന്നാനിൽ നിന്നും ഏൽക്കുന്ന സ്നാപനം. കുറുനരികൾക്കു മാളവും ആകാശത്തിലെ പറവകൾക്കു കൂടുമുണ്ടെങ്കിലും മനുഷ്യപുത്രന് തല ചായ്ക്കാൻ ഇടമില്ല എന്നു പറയുന്ന അനുഭവങ്ങളിലേക്കുള്ള പ്രവേശനമായിരുന്നു അത്. കാൽവറിയിലെ പരമയാഗത്തിനായുള്ള ഇറങ്ങി പുറപ്പെടലായിരുന്നു അത്. ജീവന്റെ അപ്പമായി ക്രിസ്തു മാറിയത് കാൽവറി ക്രൂശിൽ ചുട്ടെടുക്കപ്പെട്ടാണ് എന്നു നാം ഓർക്കണം. അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തമാണ് നമ്മുടെ ജീവിതത്തിന് ശുദ്ധിയും വിശുദ്ധിയും നവചൈതന്യവും പകരുന്നത്. ജനുവരി 8 വ്യാഴം വി. സ്തേഫാനോസിന്റെ നാളാണ്. ക്രിസ്തീയ സഭയിലെ ആദ്യത്തെ രക്തസാക്ഷിയായ വി. സ്തേഫാനോസിന്റെ ധീരമായ ജീവിതവും പ്രത്യാശയും ഒരു വലിയ മാതൃകയാണ്. കർത്താവു കുരിശിൽക്കിടന്ന് ശത്രുക്കൾക്കുവേണ്ടി പ്രാർത്ഥിച്ചതുപോലെ “കർത്താവേ, അവർക്ക് ഈ പാപം നിറുത്തരുതേ'' എന്നു പ്രാർത്ഥിക്കുവാൻ കഴിഞ്ഞ സ്തേഫാനോസിന്റെ ജീവിതമാതൃക ആദരണീയവും അനുകരണീയവുമാണ്. ജനുവരി 11 ഞായർ ലഹരി വിരുദ്ധദിനമാണ്. ‘വിളിക്കു യോഗ്യമായി ജീവിക്കുക’ എന്നതാണ് അന്നത്തെ ചിന്താവിഷയം. നല്ല ഫലം കൊടുപ്പാൻ വിളിക്കപ്പെട്ടവരാണ് നാമെല്ലാവരും. വി. പത്രോസ് ശ്ലീഹാ ഉദ്ബോധിപ്പിച്ചതുപോലെ “നിങ്ങളുടെ വിളിയും തിരഞ്ഞെടുപ്പും നിങ്ങളുടെ അനുദിന ജീവിതാനുഭവമായിരിപ്പാൻ ജാഗരിക്ക” എന്ന പ്രബോധനം ഉൾക്കൊള്ളുമ്പോഴാണ് വിളിക്ക് യോഗ്യമായ ഫലങ്ങൾ പുറപ്പെടുവിക്കാൻ കഴിയുന്നത്. ദൈവവിളിയിൽ നിന്നും ദൈവവഴിയിൽനിന്നും നമ്മെ അകറ്റിക്കളയുന്ന എല്ലാ ലഹരിപദാർത്ഥങ്ങളെയും വർജ്ജിക്കുവാൻ കഴിയുമ്പോൾ മാത്രമേ നല്ല ഫലങ്ങൾ കൊടുപ്പാൻ കഴിയുകയുള്ളു. ജനുവരി 18 ഞായർ എക്യുമെനിക്കൽ ഞായറായി നാം ആചരിക്കുന്നു. നല്ല ഇടയനായ കർത്താവു പറഞ്ഞു “ആടുകൾക്കു വേണ്ടി ഞാൻ എന്റെ ജീവനെ കൊടുക്കുന്നു. ഈ തൊഴുത്തിൽ ഉൾപ്പെടാത്ത വേറെ ആടുകൾ എനിക്കുണ്ട്; അവയെയും ഞാൻ നടത്തേണ്ടതാകുന്നു; അവ എന്റെ ശബ്ദം കേൾക്കും; ഒരാട്ടിൻകൂട്ടവും ഒരിടയനും ആകും” (യോഹ: 10:15-17). എക്യുമെനിസത്തിന്റെ ഏറ്റവും സുന്ദരമായ ആദർശവും ദർശനവും ഒരാട്ടിൻകൂട്ടവും ഒരു ഇടയനും എന്ന അനുഭവമാണ്-ഈ അനുഭവത്തിലേക്കു വളരുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. തുടർന്നുവരുന്ന ഐക്യ പ്രാർത്ഥനാവാരത്തിലെ ചിന്തകൾ ഈ ദർശനം പുതുക്കുന്നതിനു സഹായകരമായിത്തീരട്ടെ. ഏകകർത്താവും ഏകസ്നാപനവും ക്രൈസ്തവ ഐക്യത്തിന്റെ ദൃഢതയെ പ്രഖ്യാപിക്കുന്നു. പുനർസ്നാനം വേദാനുസരണമല്ല. മനുഷ്യന്റെ കൈകളാലല്ല സ്നാനം നടക്കുന്നത്, ദൈവത്തിന്റെ കരങ്ങളാലാണ്. അതിനായി ദൈവം നിയോഗിക്കുന്നവരുടെ കരങ്ങൾ ഉപയോഗിക്കുന്നുവെന്നു മാത്രം. ഇതിന്റെ നിഷേധമാണ്-പുനർസ്നാനം എന്നത് നാം വിസ്മരിച്ചുപോകരുത്. സഭ ഒരു മദ്ധ്യസ്ഥ പ്രാർത്ഥനാ സമൂഹമാണ്. മദ്ധ്യസ്ഥപ്രാർത്ഥന നാം മറ്റുള്ളവരെയും അവരുടെ പ്രശ്നങ്ങളെയും ഉൾക്കൊള്ളുന്നതിന്റെ അടയാളമാണ്. നാം മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുമ്പോൾ നാം ദൈവത്തോടും ദൈവം നമ്മോടും ഏറ്റവും അടുത്തുനിൽക്കുകയാണ് ചെയ്യുന്നത്. അത് ദൈവത്തിനു പ്രസാദകരമായ പ്രാർത്ഥനയും അനുഭവവുമത്രെ. ജനുവരി 26 റിപ്പബ്ലിക് ദിനമാണ്. സമസ്ത ജനതയെയും ഉൾക്കൊള്ളുന്ന ഒരു ദൈവരാജ്യമായിട്ടാണ് മഹാത്മാഗാന്ധി രാഷ്ട്രത്തെ ദർശിച്ചത്. സ്വതന്ത്ര ഭാരതത്തിന്റെ ഭരണഘടന സമത്വത്തിന്റെയും സാഹോദര്യത്തിന്റെയും മതേതരത്വത്തിന്റെയും ജനാധിപത്യത്തിന്റെയും സാരാംശം ഉൾക്കൊള്ളുന്നതായിരുന്നു. രാഷ്ട്രത്തിന്റെ മുഖ്യധാരയിൽ നിന്നു പാർശ്വവൽക്കരിക്കപ്പെട്ടു കഴിഞ്ഞവർ രാഷ്ട്രത്തിന്റെ മുഖ്യധാരയിലേക്കു കടന്നുവരണമെന്നത് ഗാന്ധിജിയുടെ വലിയ സ്വപ്നമായിരുന്നു. അങ്ങനെ ഒരുകാലത്ത് അകറ്റിനിർത്തപ്പെട്ടവരുടെ കൂട്ടത്തിൽനിന്ന് നമുക്ക് ഒരു രാഷ്ട്രപതിയെ ലഭിച്ചു. സ്ത്രീകളുടെ കൂട്ടത്തിൽ നിന്നും ഒരാൾ ആ സ്ഥാനത്തെത്തി. കഴിഞ്ഞ തിരഞ്ഞെടുപ്പു കാലത്ത്, ബാല്യകാലത്ത് ചായ വിറ്റുനടന്ന ആൾ എന്ന പേരിൽ പരാമർശിക്കപ്പെട്ടെങ്കിലും ആ വ്യക്തി ഇന്ന് സുശക്തനായ ഒരു പ്രധാനമന്ത്രിയായിത്തീർന്നിരിക്കുന്നു. ഒരു രാഷ്ട്രം വളരണമെങ്കിൽ ഭരണഘടനയ്ക്ക് കെട്ടുറപ്പുണ്ടായാൽ മാത്രം പോരാ, ആ ഭരണഘടന അനുസരിക്കുന്ന ജനങ്ങളുടെ കെട്ടുറപ്പും പ്രധാനമാണ്. റിപ്പബ്ലിക് ദിനം നമ്മെ ആഹ്വാനം ചെയ്യുന്നത് ഉത്തരവാദിത്വപൂർണ്ണമായ പൗരത്വത്തിനാണ്. ജനുവരി 26 തിങ്കളാഴ്ച മൂന്ന് നോമ്പ് ആരംഭിക്കുകയാണ്. നിനവെയിലെ ജനം തിന്മയുടെ കേദാരമായി മാറിയ ഒരു കാലഘട്ടത്തിലാണ് ദൈവം യോനായെ അവിടേക്കു അയച്ചത്. എന്നാൽ യോനായുടെ സന്ദേശം കേട്ട ജനതയും രാജാവും അനുതപിച്ചപ്പോൾ ദൈവം അവരെ ശിക്ഷാവിധിയിൽ നിന്നും ഒഴിവാക്കി. എന്നാൽ യോനായ്ക്കു സങ്കടം വന്നത് താൻ പ്രസംഗിച്ച ശിക്ഷാവിധിയിൽ നിന്ന് ദൈവം അവരെ ഒഴിവാക്കിയതിലായിരുന്നു. സർവ്വസൃഷ്ടിജാലങ്ങളുടെയും സ്രഷ്ടാവും പരിപാലകനുമായ ദൈവം സർവ്വസൃഷ്ടിയെയും സ്നേഹിക്കുന്നവനാണെന്നുള്ള അടിസ്ഥാനതത്വം യോന വിസ്മരിച്ച് തന്റെ സ്വന്തം താൽപര്യത്തെയും പ്രതിച്ഛായയെയും മാത്രം കണക്കിലെടുത്തതാണ് യഥാർത്ഥ പ്രശ്നം. ഇന്നും എതിർ നിൽക്കുന്നതിനെയല്ലാം തകർക്കാനും നശിപ്പിക്കാനും ആഗ്രഹിക്കുന്നവർ മതത്തിന്റെ പേരിൽ ഭീകരപ്രവർത്തനങ്ങൾ ചെയ്യുന്നത് ദൈവസ്നേഹത്തെ ഉൾക്കൊള്ളാത്തതുകൊണ്ടാണ് എന്നു നാം ഓർക്കണം. “യഹോവ എല്ലാവർക്കും നല്ലവൻ; തന്റെ സകല പ്രവൃത്തികളോടും അവനു കരുണ തോന്നുന്നു. യഹോവേ, നിന്റെ സകല പ്രവൃത്തികളും നിനക്കു സ്തോത്രം ചെയ്യും; നിന്റെ ഭക്തന്മാർ നിന്നെ വാഴ്ത്തും” (സങ്കീ. 145:9, 10). ദൈവം എല്ലാവർക്കും നല്ലവനാണ്. നമ്മുടെ എല്ലാ ആവശ്യങ്ങളും യാചനകളും ദൈവസന്നിധിയിൽ നമുക്കു സമർപ്പിക്കാം. നമുക്ക് നല്ലത് എന്തെന്നു ദൈവത്തിന് അറിയാം. ദൈവം അതു നൽകും. ഈ ഉറപ്പോടുകൂടി പുതുവത്സരത്തിലേക്കു പ്രവേശിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ഏവർക്കും പുതുവത്സരാശംസകൾ



പുലാത്തീൻ
26-12-2014

**ഡോ. ജോസഫ് മാർത്തോമ്മാ**
**മെത്രാപ്പോലീത്താ**